പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.* 27 07/08/2017-ൽ മറുപടിക്ക്

## ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻറ് കൗൺസിൽ രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.മോൻസ് ജോസഫ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻറ് കൗൺസിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) യും ബി) യും സി) യും | സംസ്ഥാനത്തെ സർക്കാർ മേഖലയിലുള്ള മെഡിക്കൽ കോളേജ് ആശുപത്രികൾ മറ്റ് ആതുര സേവന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഓരോ വിഭാഗത്തിനും നിശ്ചയിക്കപ്പെട്ട അംഗീകൃത യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രം നിയമനം നടത്തുകയും ഒരു വികേന്ദ്രീകൃത ഭരണസംവിധാനം ഈ സ്ഥാപനങ്ങൾക്കുള്ളതിനാലും മറ്റ് ഏതു സംസ്ഥാനത്തെക്കാളും കേരളത്തിലെ സർക്കാർ മേഖലയിലുള്ള ആരോഗ്യസേവനം പരമാവധി കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കാൻ കഴിയുന്നുണ്ട്. എന്നാൽ ഏകദേശം 70 ശതമാനത്തോളം വരുന്ന സ്വകാര്യ ആശുപത്രികൾ, അനുബന്ധ സ്ഥാപനങ്ങൾ, ഡിസ്പെൻസറികൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ യോഗ്യതകളും നിയമന മാനദണ്ഡങ്ങളും നിയന്ത്രിക്കാൻ തക്ക സംവിധാനങ്ങൾ നിലവിലില്ല. പരിഷ്കൃത സമൂഹത്തിൽ ആതുര ചികിത്സാരംഗം അതീവ ശ്രദ്ധയും നിയന്ത്രണവും ഏർപ്പെടുത്തിക്കൊണ്ട് മുന്നേറുന്ന സാഹചര്യത്തിൽ കേന്ദ്രസർക്കാർ കൊണ്ടു വന്ന ക്ലിനിക്കൽ എസ്റ്റബ്ലിഷ്മെന്റ് ആക്ട് 2010-ന്റെ ചുവടു പിടിച്ച് ചില സംസ്ഥാനങ്ങളെങ്കിലും നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സവിശേഷ |
| ബി) | ക്ലിനിക്കൽ ലാബുകളിൽ യോഗ്യരായ ടെക്നീഷ്യൻമാർ തന്നെയാണ് പരിശോധനകൾ നടത്തുന്നത് എന്ന കാര്യം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| സി) | വിവിധ ലബോറട്ടറികളിൽ നിന്നും ലഭിക്കുന്ന പരിശോധനാ റിപ്പോർട്ടുകളിൽ വ്യത്യാസം ഉണ്ടാകുന്നതെന്തുകൊണ്ടാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | സാഹചര്യം മുൻ നിർത്തി സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017" ന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബില്ലിൽ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിൽ രൂപീകരിക്കുന്നതു സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് നിയമമാകുന്നതോടെ എല്ലാ ആശുപത്രികളിലും നിശ്ചിത യോഗ്യതയുള്ള ഡോക്ടർമാരും ക്ലിനിക്കൽ ലാബുകളിൽ യോഗ്യരായ ടെക്നീഷ്യന്മാരും തന്നെ പരിശോധന നടത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും പൊതുജനാരോഗ്യ രംഗത്ത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ആതുരാലയങ്ങളുടെയും അനുബന്ധ ക്ലിനിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ, നിയന്ത്രണം, ആധുനിക സംവിധാനം ഏർപ്പെടുത്തൽ തുടങ്ങിയ രംഗങ്ങളിലെല്ലാം ശരാശരി നിലവാരം ഉറപ്പാക്കാനുമാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ വിവിധ ലബോറട്ടറികളിൽ നിന്നു ലഭിക്കുന്ന പരിശോധനാ റിപ്പോർട്ടുകളിൽ വൈരുദ്ധ്യം ഒഴിവാക്കാനും ആധികാരികത കൈവരുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ